**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **13-02-2025 - ൽ മറുപടിയ്ക്ക്**

**റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് പുതുകൃഷി/ ആവർത്തന കൃഷി ചെയ്യുന്നതിന് റബ്ബർ ബോർഡ് വഴി ധനസഹായം നൽകുന്നുണ്ട്. ഉത്പാദന ക്ഷമത വർദ്ധനവിന് വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. റബ്ബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യുന്നതിനും, മരുന്ന് തളിക്കുന്നതിനും ധനസഹായം നൽകി വരുന്നു. റബ്ബർ ഉത്പാദക സംഘങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സമൂഹ സംസ്കരണ ശാലയിലെ വിവിധ ആവശ്യങ്ങൾക്കായും ധനസഹായം നൽകി വരുന്നു. റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം, ഭവന നിർമ്മാണ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധന സഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.<br><br>കൃഷി വകുപ്പ് മുഖേന റബ്ബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. കൃഷി വകുപ്പും, റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം, റബ്ബറിന്റെ താങ്ങുവിലയും, അതാതു ദിവസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക വിതരണം ചെയ്യുന്നു. 5 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2024-25 വർഷം 61.57കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവിനായി മാറി നൽകിയിട്ടുണ്ട്. നിലവിലെ ഇൻസെന്റീവ് തുകയായ കിലോഗ്രാമിന് 180/- രൂപ എന്നത് 250/- രൂപയാക്കുന്നതിനു കേന്ദ്ര സർക്കാരിൽ നിന്നും |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല. |
| (ബി) | 2010 മുതൽ നാളിതുവരെ റബ്ബർ കൃഷിചെയ്തിരുന്ന ഭൂമി സംബന്ധിച്ച വിവരം വർഷം തിരിച്ച് നൽകുമോ? | (ബി) | 2010 മുതൽ റബ്ബർ കൃഷി ചെയ്തിരുന്ന ഭൂമി സംബന്ധിച്ച് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് രേഖപ്പെടുത്തിയ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2010 മുതൽ റബ്ബർകൃഷി ചെയ്തിരുന്ന ഭൂമി സംബന്ധിച്ച് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് രേഖപ്പെടുത്തിയ വിവരം**

| വർഷം | വിള വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| 2010-11 | 534228 |
| 2011-12 | 539565 |
| 2012-13 | 545030 |
| 2013-14 | 548225 |
| 2014-15 | 549955 |
| 2015-16 | 550840 |
| 2016-17 | 551050 |
| 2017-18 | 551115 |
| 2018-19 | 551200 |
| 2019-20 | 551030 |
| 2020-21 | 550650 |
| 2021-22 | 550000 |
| 2022-23 | 549780 |
| 2023-24 | 548300 |

സെക്ഷൻ ഓഫീസർ